# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3478 23.06.2014-ൽ മറുപടിയ്ക്ക്

### കാപ്പ നിയമപ്രകാരമുള്ള കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ . ബാലൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര പേരുടെ പേരിൽ കാപ്പ നിയമപ്രകാരം പോലീസ് കേസ്സെടുത്തിട്ടുണ്ട് ; ഈ നിയമപ്രകാരം എത്ര പേരെ നാടുകടത്തിയിട്ടുണ്ട് ; നാടുകടത്തിയവരുടെ പേരും അവർ ചെയ്ത കുറ്റവും വ്യക്തമാക്കുമോ ; | (എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം കരുതൽ തടങ്കൽ നിയമമാണ്. അതുകൊണ്ട് തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ, അറിയപ്പെടുന്ന ഗുണ്ടയോ, അറിയപ്പെടുന്ന റൗഡിയോ ആയി കണക്കാക്കാവുന്ന ആളുകളെ, അവർ ചെയ്ത കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയായല്ല മറിച്ച് അവർ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയുന്നതിലേക്കായാണ് ഈ നിയമപ്രകാരം നടപടി സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 430 പേരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം കരുതൽ തടങ്കലിൽ വെയ്ക്കുകയും 235 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കപ്പെട്ടവരെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| ബി) സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ എത്ര പേരുടെ പേരിൽ കാപ്പ നിയമപ്രകാരം കേസ്സെടുത്ത് നാടുകടത്തിയിട്ടുണ്ട് ; പേരും അവർ ചെയ്ത കുറ്റവും വ്യക്തമാക്കുമോ ;<br><br>സി) സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകരല്ലാത്ത, ഈ കുറ്റം ചുമത്തിയവരുടെ രാഷ്ട്രീയ പശ്ചാത്തലം വ്യക്തമാക്കുമോ ; | (ബി) &(സി)<br><br>സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പൊതുസുരക്ഷയ്ക്കും, പബ്ലിക് ഓർഡറിനും ഭീഷണിയാകുന്നവർക്കെതിരെയാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. രാഷ്ട്രീയ പശ്ചാത്തലം നോക്കിയല്ല ഈ നിയമത്തിൻകീഴിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് എന്നതിനാൽ അത്തരം വിശദാംശങ്ങൾ ലഭ്യമല്ല. |
| ഡി) കാപ്പ നിയമം ചുമത്താൻ കാരണമായ കുറ്റകൃത്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) നിരന്തരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രത്യക്ഷമായോ പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന പ്രവർത്തികൾ ചെയ്യുന്നവരുമാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്. നിയമത്തിന്റെ നിർവചനത്തിൻ കീഴിൽ അറിയപ്പെടുന്ന റൗഡി, അറിയപ്പെടുന്ന ഗുണ്ട എന്നിവരായി കണക്കാക്കാവുന്ന ആളുകൾക്കെതിരെയാണ് |

നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിക്കുന്നത്. ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ 153A, 153B എന്നീ വകുപ്പുകൾ പ്രകാരവും ചാപ്റ്റർ XV, XVI, XVII, XXII അദ്ധ്യായങ്ങളും പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങളോ ആയുധ നിയമത്തിലേയോ സ്ഫോടക വസ്തുക്കൾ നിയമത്തിലേയോ ഏതെങ്കിലും കുറ്റങ്ങളോ ചെയ്യുന്നവരും നിയമത്തിലെ നിർവ്വചനങ്ങൾ പ്രകാരം വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റാ പകർപ്പവകാശ അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി, ഹവാലത്തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, അസന്മാർഗ്ഗിക കുറ്റവാളി, കൊള്ളപ്പലിശക്കാരൻ, വസ്തു കൈയ്യേറ്റക്കാരൻ എന്നീ ഗണത്തിൽപ്പെടുത്താവുന്ന കുറ്റങ്ങളോ ചെയ്യുന്നവർക്കെതിരെയാണ് നിയമം പ്രയോഗിക്കുന്നത്.

ഇ) ഈ കുറ്റം ചുമത്തി പുതുതായി എത്ര പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് ; അവരുടെ രാഷ്ട്രീയ പശ്ചാത്തലവും ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ ?

(ഇ) 99 പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. രാഷ്ട്രീയ പശ്ചാത്തലം നോക്കിയല്ല ഈ നിയമത്തിൻകീഴിൽ നടപടി സ്വീകരിക്കുന്നത് എന്നതിനാൽ അത്തരം വിശദാംശങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**